VOLUME 1. ISSUE 1. 30 MAY 2020.

# MELIORA



G-toons

WHAT'S BREWING

FACE OF THE MONTH

NEWS UPDATES

Did you know ?

IN CONVERSATION WITH Dr. SreeKumari

Inkspiration!

PHOTOPEDIA

Crosswords



# ഹൃദയപൂർവ്വം ശ്രീകുമാരി മാം........

തികച്ചും അവിചാരിതമായും അതിലുപരി വളരെ അധികം ആകാംക്ഷയോടെ കാത്തിരുന്നതുമായ ഒരു അഭിമുഖം ആയിരുന്നു ശ്രീകുമാരി മാമും ആയി ഉണ്ടായത്.
കൊറോണയും മഹാമാരിയും വ്യാപകമായ ഈ ഒരു കാലഘട്ടത്തിലും , എന്നിൽ വളരെ അധികം "positivity" നിറയ്ക്കാൻ കഴിഞ്ഞു എന്നതാണ് വാസ്തവത്തിൽ മാമിൻറെ ഏറ്റവും വലിയ മുതൽ കൂട്ട്.
സീനിയേഴ്സിൽ നിന്നും ടീച്ചർമാരിൽ നിന്നും ഏറെ പറഞ്ഞുകേട്ടത് കൊണ്ട് വളരെ പ്രതീക്ഷയോടെ ആണ് ഞാൻ മാമിനെ വിളിച്ചിരുന്നത് .അതിനെ 100 ശതമാനവും അർത്ഥവത്താക്കുന്ന രീതിയിൽ ആയിരുന്നു മാമിന്റെ സംസാരം.......

തന്റെ പഠനകാലത്തെ പറ്റിയും അധ്യാപക ജീവിതത്തെ പറ്റിയും മനസ്സുതുറന്ന് ബയോകെമിസ്ട്രിയുടെ സ്വന്തം ശ്രീകുമാരി മാം..........................

## ഔദ്യോഗികമായി ജോലിയിൽ നിന്നും വിരമിച്ച ശേഷം മാമിന്റെ ജീവിതത്തിൽ ഉണ്ടായ മാറ്റങ്ങൾ എന്തെല്ലാമാണ് ???

ഞാൻ 2019ൽ വിരമിച്ചതിന് ശേഷം എനിക്ക് തോന്നിയ ഏറ്റവും വലിയ മാറ്റം നല്ല പോലെ "relaxed" അയി എന്നതാണ്. വൈകാതെ തന്നെ ആയിരുന്നു ലോക്ഡൗൺ ഒക്കെ ഉണ്ടായത് . പുറത്ത് ഇറങ്ങാൻ പറ്റാത്ത അവസ്ഥ ആയതോടെ കുടുംബത്തോടൊപ്പം കുറെ അധികം സമയം ചിലവഴിച്ചു.എന്നിരുന്നാലും വീട്ടിൽ ഒതുങ്ങി ഇരുന്നില്ല.. ഒരു ലബോറട്ടറിയിൽ കൺസൾട്ടന്റ് ആയി ജോലി ചെയ്യാന് ആരംഭിച്ചു. കൂടാതെ കുറച്ച് പുസ്തകങ്ങളുടെ മിനുക്ക് പണികളും കൂടെ നടക്കുന്നുണ്ട്.

## വിശ്രമജീവിതം നയിക്കുന്ന ഈ വേളയിൽ കോളെജിനെ പറ്റി ഓർക്കുമ്പോൾ "missing" ആയി തോന്നുന്നത് എന്താണ്?

കുട്ടികളുമായി ചിലവഴിച്ചിരുന്ന സമയം അണ് ഏറ്റവുമധികം miss ചെയ്യുന്നത്. ഓരോ വർഷവും മാറിവരുമ്പോൾ തികച്ചും വ്യത്യസ്തമായ കുട്ടികളെ ആണ് പൊതുവെ കാണാറുള്ളത്.അവരിൽ ഉണ്ടാവുന്ന മാറ്റങ്ങൾ ഞാൻ വീക്ഷിക്കാറുണ്ടായിരുന്നു.അവരുമായി ചിലവഴിച്ചിരുന്ന ഒട്ടേറെ സമയങ്ങളിൽ എനിക്ക് പ്രായം കുറഞ്ഞതായി തോന്നിയിട്ടുണ്ട് .അധ്യാപക വിദ്യാർത്ഥി ബന്ധങ്ങൾക്കപ്പുറം വളരെ സൗഹൃദപരമായ ക്ളാസ് റൂമുകളും എന്റെ കുട്ടികളെയും ഞാൻ ഇപ്പോൾ miss ചെയ്യുന്നു.

## കോളേജ് ജീവിതവുമായി ബന്ധപ്പെട്ട മറക്കാൻ പറ്റാത്ത ഒരു അനുഭവം ?

കോളേജ് എനിക്ക് എന്നും മറക്കാൻ പറ്റാത്ത അനുഭവങ്ങൾ ആണ് നൽകിയിരുന്നത്. അതിൽ തന്നെ ഒരു ഡോക്ടർ എന്ന നിലയിലും ഒരു
അധ്യാപിക എന്ന നിലയിലും ഞാൻ എന്റെ ജീവിതത്തിൽ അഭിമാനത്തോടെ ഓർക്കുന്ന ഒന്നാണ് , നമ്മുടെ കോളേജിൽ ആദ്യമായി PG തുടങ്ങിയത്. ആദ്യ അപേക്ഷയിൽ തന്നെ തുടങ്ങാനുള്ള അനുവാദം കിട്ടുകയും , തുടങ്ങി ആദ്യ വർഷം തന്നെ ശ്രദ്ധ നേടാൻ കഴിഞ്ഞതും വളരെ സന്തോഷത്തോടെ ഞാൻ ഓർക്കുന്നു. അതിൽ എന്റെ ശിക്ഷണത്തിൽ ഉണ്ടായിരുന്ന ഒരു കുട്ടി അന്നത്തെ PG പരീക്ഷയിൽ സർവ്വകലാശാല തലത്തിൽ first rank നേടുക ഉണ്ടായി.ആ വിജയത്തിൽ എനിക്കും പങ്കാളി ആകാൻ കഴിഞ്ഞു എന്നത് തന്നെയാണ് മറക്കാൻ പറ്റാത്ത ഒരു അനുഭവം.

## സീനിയേഴ്സുമായുള്ള സംഭാഷണങ്ങളിൽ നിന്ന് ഒരു "sweet teacher" ആണ് ma'am എന്നാണു മനസ്സിലാക്കിയത്.ഇത്തരം ഒരു വ്യക്തിത്വിന് സ്വാധീനമായത് എന്താണ്?

PG കഴിഞ്ഞു ജോലിയിൽ പ്രവേശിച്ചതോടെ ഒരു പാട് പേരുമായി ഇടപഴകാൻ അവസരം ലഭിച്ചു.എന്റെ യൗവ്വന കാലത്തിലെ വിദ്യാർത്ഥികളുമായി വളരെ അധികം സൗഹൃദപരമായ അധ്യാപനം ആയിരുന്നു ഉണ്ടായിരുന്നത്.കുറച്ച് വർഷങ്ങൾക്കു ശേഷം ഒരു അമ്മയുടെ കരുതലോട് കൂടി ഞാൻ കുട്ടികളെ പരിചരിച്ചു.ഇന്ന് വർഷങ്ങൾപിന്നിടുംബോൾ ഒരു അമ്മൂമ്മയുടെ തലത്തിൽ എത്തി നിൽക്കുന്നു.ഒരു പക്ഷേ അത് തന്നെ ആയിരിക്കും sweet teacher എന്ന വിളിപ്പേര് കിട്ടിയതും.

## പഴയ കലാലയത്തെ കുറിച്ചും പഠിപ്പിച്ച ഗുരുനാഥൻമാരെ കുറിച്ചുള്ള ഓർമ്മകൾ?

ഒരു മെഡിക്കൽ വിദ്യാർഥിനി എന്ന നിലയിലും ഒരു അധ്യാപിക എന്ന നിലയിലും എൻറെ ജീവിതം ഏറെ ചേർന്ന് കിടക്കുന്നത് കോളേജുമായാണ്.എന്നെ പഠിപ്പിച്ച ഗുരുനാഥൻമാരെ എന്നും ഓർമ്മികാറുണ്ട്.അവരിൽ തന്നെ നാല് അഞ്ച് പേരു മാത്രമേ ഇപ്പോൾ ജീവിച്ചിരിക്കുന്നുള്ളൂ.എല്ലാ അധ്യാപക ദിനത്തിലും ഞാൻ അവർക്ക് മറക്കാതെ ആശംസകൾ അറിയിക്കാൻ ശ്രദ്ധിക്കാറുണ്ട്.

## എന്ത് കൊണ്ടാണ് അധ്യാപനം തന്നെ തിരഞ്ഞെടുത്തത് ?ഒരു മെഡിക്കൽ വിദ്യാർഥിനിയിൽ നിന്നും ബയോകെമിസ്ട്രി അധ്യാപികയിലേക്കും പിന്നീട് ഒരു HOD യിലേക്കും ഉള്ള മാമിന്റെ യാത്ര?

എന്റെ ഒരു സ്വപ്നം തന്നെയായിരുന്നു അധ്യാപനം, അത് കൊണ്ട് വേറെ ഒന്നും ആലോചിക്കേണ്ടി വന്നില്ല. PG കഴിഞ്ഞു ആദ്യമേ അധ്യാപനം തന്നെ അയിരുന്നു എടുത്തതും

ശ്രീ ഗോകുലം മെഡിക്കൽ കോളേജ് എന്നും എന്റെ പ്രിയപ്പെട്ട ഒരിടം തന്നെയാണ്.എന്നിരുന്നാലും ഞാൻ എന്റെ career ആരംഭിച്ച TDMC ആലപ്പുഴയിലെ സഹപ്രവർത്തകർക്ക് എന്റെ അധ്യാപന രീതിയിൽ നല്ല പങ്കുണ്ട്.കോട്ടയം, ത്രിശൂർ എന്നിവിടങ്ങളിലും ജോലി ചെയ്തു.ഇത്തരം career യാത്രയിൽ ഒരുപാട് വ്യക്തിത്വങ്ങളെ പരിചയപ്പെടുകയുണ്ടായി.ഒരിക്കലും വെള്ളംകലർത്താത്ത ഒരു സ്വഭാവം ആണ് ഞാൻ പിന്തുടർന്നത്.ജീവിത്തിൽ പരിഹരിക്കാൻ പറ്റാത്ത പ്രശ്നങ്ങൾ ഒന്നും തന്നെ ഇല്ല എന്നു വിശ്വസിക്കുന്ന ഒരാളുമാണ് ഞാൻ.നമ്മൾ അവയെ സമീപിക്കുന്ന രീതിയിലാണ് എല്ലാം.

പരസ്പരം മനസ്സിലാക്കാൻ സാധിക്കുമ്പോഴാണ് നമ്മൾ നല്ലൊരു മനുഷ്യനാകുന്നത്.കുട്ടികളെ കുട്ടികളായി തന്നെ കാണാൻ കഴിയുമ്പോഴാണ് നല്ല അധ്യാപകർ ഉണ്ടാകുന്നത്.

ഞാനൊരു അധ്യാപിക ആണെന്നും വിദ്യാർത്ഥികൾ അവരുടെ കാഴ്ചപാട് അണ് പറയുന്നതെന്നും ഉള്ള ഒരു സമീപനം അണ് പല അഭിപ്രായവ്യത്യാസങ്ങളും നേരിടാൻ ഞാൻ തിരഞ്ഞെടുത്ത മാർഗം

## കുറെ കാലം നമ്മുടെ ബയോകെമിസ്ട്രി department നെ ഒരു കുടുംബം പോലെ ആണ് മാം നയിച്ചത് എന്ന് കേട്ടിട്ടുണ്ട്.ഇപ്പോൾ അവരോട് എന്താണ് പറയാനുള്ളത്?


കുടുംബങ്ങളിൽ നിന്നാണല്ലോ എല്ലാ സ്നേഹവും ബഹുമാനവും ഉടലെടുക്കുന്നത്.അതുകൊണ്ട് തന്നെ തൻറെ കൂടെ ജോലി ചെയ്യുന്നവരെ സ്വന്തം കുടുംബം ആയി കാണുമ്പോൾ അവിടം കൂടുതൽ ആസ്വാദ്യമാകുന്നു. എല്ലാ ദിനങ്ങളിലും രാവിലെ അനൗദ്യോഗികമായ ഒരു ഒത്തുചേരലിലൂടെ പരസ്പരം അഭിപ്രായങ്ങൾ പങ്കുവയ്ക്കാൻ ശ്രമിക്കാറുണ്ട്.അങ്ങനെ എല്ലാവരെയും ഏകീകരിക്കാൻ ശ്രമിക്കാറുണ്ടിയിരുന്നു.

## ഏറ്റവും കൂടുതൽ അടുപ്പമുള്ള അല്ലെങ്കിൽ കൂടുതൽ പരിചയമുള്ള സഹപ്രവർത്തക/സഹപ്രവർത്തകൻ ആരാണ്?

എല്ലാവരും ആയിട്ട് നല്ല ബന്ധങ്ങൾ ഉണ്ടായി.എല്ലാവരെയും മനസ്സിലാക്കാൻ ശ്രമിക്കുകയും ചെയ്തു.അതുകൊണ്ട് കൂടെ ഉണ്ടായിരുന്ന എല്ലാവരും എനിക്ക് പ്രിയപ്പെട്ടവർ തന്നെയാണ്.

## നമ്മുടെ കോളേജിലെ മെന്റർഷിപ് പ്രോഗ്രാമിനെ പറ്റി മാമിന് എന്താണ് പറയാനുള്ളത്?മാം അത് എത്ര തവണ നയിക്കുകയുണ്ടായി ?മെന്റീസുമായുള്ള നല്ല ഓർമ്മകൾ പങ്കുവയ്ക്കാമോ?

നമ്മുടെ കോളേജിൽ ഒരു കൂട്ടം കുട്ടികളെ ആണ് നമ്മൾ ഒരാൾ നയിക്കുന്നത്, അതും ചെറിയ ഒരു കാലയളവിൽ.. പക്ഷേ ഞാൻ ത്രിശൂരിൽ ഉള്ളപ്പോൾ ഒന്നോ രണ്ടോ കുട്ടികളെ നയിക്കുകയുണ്ടായി.അങ്ങനെ അവരുമായി നല്ല ആഴമേറിയ ബന്ധം സ്ഥാപിക്കാൻ സാധിച്ചു. അതിൽ തന്നെ എടുത്തു പറയേണ്ട ഒന്ന് എന്റെ ഒരു മെൻഡി എന്റെ കൂടെ പ്രവർത്തിച്ചു എന്നുളതാണ്.എന്റെ പാത പിന്തുടർന്ന് കൊണ്ടും എൻറെ തന്നെ പ്രിയപ്പെട്ട ശിഷ്യ ആയത് കൊണ്ടും നല്ല ഒരു മാനസിക ബന്ധം പുലർത്താൻ സാധിച്ചു .മാത്രമല്ല ഒത്തിരി അഭിമാനം തോന്നുന്നു. എന്റെ അഭിപ്രായം അനുസരിച്ച് ഒരു അധ്യാപികയ്ക്കോ അധ്യാപകനോ ഒന്നോ രണ്ടോ കുട്ടികളെ കൊടുക്കുകയും അഞ്ച് വർഷവും അവരെ തന്നെ മെന്റി ആക്കുകയും ചെയ്താൽ നല്ലോരു ബന്ധം സ്ഥാപിച്ചെടുക്കാൻ പറ്റും എന്നാണ്.



## കൊവിഡിന്റ പശ്ചാത്തലത്തിൽ convocation കിട്ടാതെ പോയ 2014,15 കുട്ടികളോട് പറയാൻ ഉള്ളത്?

നിങ്ങൾ എല്ലാവരും തന്നെ വളരെ നല്ലൊരു പഠനം കാഴ്ചവെച്ചവരാണ്.അതു കൊണ്ട് വിജയപൂർണമായ ഒരു ഭാവി നിങ്ങൾക്ക് ഉറപ്പായും കൈവരും.. ജീവിതത്തിൽ ഏതു സാഹചര്യത്തിലും നമ്മൾ പൊരുത്തപ്പെടാൻ പഠിക്കണം.ഈ സമയവും കടന്നു പോകും.....

## ലോകത്തെ സ്തംഭിപ്പിച്ചു കൊണ്ട് മുന്നേറുകയാണ് കൊറോണ.പുറത്തിറങ്ങാൻ പോലും കഴിയാത്ത ഒരു അവസ്ഥ ആണ് ഇപ്പോൾ..... ഈയൊരു വേളയിൽ നല്ലൊരു പഠനം, കോളേജ് ലൈഫ് എന്നിവ കിട്ടാതെ പോകുന്ന കുട്ടികളോട് മാമിനെന്താണ് പറയാൻ ഉള്ളത്?

ഈയൊരു സാഹചര്യത്തിൽ പ്രതികൂലമായി ബാധിച്ചത് നിങ്ങളുടെ പഠനം തന്നെ ആണ്.നല്ലൊരു കൂട്ട് കെട്ട്, കലാലയത്തിന്റെ ഓർമ്മകൾ എന്നിവ നിങ്ങൾക്ക് നഷ്ടമായി.ഇത്തരം ഒരു വേള അനുകൂലം ആക്കാൻ ശ്രമിക്കുക, പുതിയ പഠനങ്ങളും ഗവേഷണങ്ങളും നടത്തി നിങ്ങൾക്ക് ഉറപ്പായും അറിവിനെ ഊട്ടി ഉറപ്പിക്കാം...പല പരീക്ഷകളെയും മുന്നിൽ കണ്ട് പഠിക്കാൻ ആയി ശ്രമിക്കുക.. ഒരു വേള കോളേജ് തുറക്കുംബോൾ വഴക്കും പരിഭവവും ഒന്നുമില്ലാതെ എല്ലാവരും ആയി നല്ല ബന്ധങ്ങൾ ഉണ്ടാക്കുക.ആശംസകൾ കുട്ടികളെ......

എല്ലാ ചോദ്യങ്ങൾക്കും ഒരു ചെറു പുഞ്ചിരിയോടെ ആയിരുന്നു മാമിന്റെ മറുപടി.ഒരു ഫോൺ അഭിമുഖം എന്നതിലുപരി പ്രത്യക്ഷത്തിൽ എന്നെ കൂടുതൽ ചിന്തിപ്പിക്കുകയാണ് മാം ചെയ്തത്. ജീവിതത്തോടും തന്റെ കരിയറിനൊടും മാം പുലർത്തുന്ന സമീപനം എല്ലാവർക്കും ഒരു മാതൃക തന്നെയാണ്..

## വിരമിക്കൽ, അതിനു അനുബന്ധമായി ഉണ്ടായ പരിപാടികളും യാത്രയയപ്പും മാം എങ്ങനെ കാണുന്നു?

വിരമിക്കലിലും, യാത്ര പറച്ചിലും വിഷമം എന്നതിലുപരി വളരെ അഭിമാനത്തോടെ ആയിരുന്നു ഞാൻ നോക്കി കണ്ടത്.കാരണം എന്റെ സാന്നിധ്യം കൊണ്ട് എനിക്ക് കുറെ പേരെ സ്വാധീനിക്കാൻ കഴിഞ്ഞു എന്നത് മനസ്സിലാക്കുകയുണ്ടായി.പിന്നെ കുറെ കാലം അധ്യാപിക ആയി വിനിയോഗിക്കാൻ കഴിഞ്ഞു എന്നതിൽ സന്തോഷം തോന്നി.അല്ലേലും അത് തന്നെ അല്ലെ ശരി.....സ്വരം നന്നാകുംബോൾ പാട്ട് നിർത്തണ പോലെ.... വയസ്സാകുമ്പോൾ മാറി കൊടുക്കണ്ടേ..

2017 ബാച്ചിലെ കുട്ടികൾ എന്റെ പടം വരച്ചു തരികയുണ്ടായി, ഞാൻ അത് വളരെ മൂല്യവത്തായി എൻറെ മുറിയിൽ സൂക്ഷിച്ചിട്ടുണ്ട്.

തയ്യാറാക്കിയത് :
**അപർണ്ണ മോഹൻ**
**അക്ഷയ S.B**

## INKSPIRATION

# എന്നിലെ വസന്തം



വിരിയുമോ നീ ഒരിക്കൽ കൂടി
എനിക്ക് വേണ്ടി.........
പിഴുതെറിയാനല്ല......
നിറങ്ങളിൽ ചാലിച്ച നിന്നുള്ളിലെ
വസന്തം കാണുവാൻ...
വീണ്ടും വീണ്ടും എന്നെ
അറിയുവാൻ...
ചിതലരിച്ച ഓർമ്മകളെ ചേർത്ത്
വയ്ക്കുവാൻ....
ഉപാധികളില്ലാതെ
സ്നേഹിക്കുവാൻ...
ഉത്സവപറമ്പിലെ
നിറമുള്ള കാറ്റാടികൾക്കായി
വാശിപിടിക്കുവാൻ...
അച്ഛന്റെ തോളിലേറി
ദൂരക്കാഴ്ചകൾ കാണുവാൻ...
അമ്മയുടെ ചൂടറിഞ്ഞു മഴയുടെ
താളമാറിഞ്ഞു മയങ്ങുവാൻ...

പുൽത്തകിടിനിടയിലെ കൊച്ചു
പുൽച്ചാടിയാകുവാൻ...
ഇലപൊഴിയും മെയ്മാസ മരത്തിനു
താഴെ സൗഹൃദം നുകരുവാൻ....
വിറങ്ങലിച്ച കൈകളാൽ ചുരുട്ടിത്തന്ന
പത്തുരൂപ കൊണ്ട് മിട്ടായിഭരണികളെ
സ്വപ്നം കാണുവാൻ...
ആകാശത്തിലെ നക്ഷത്രങ്ങളാൽ
കഥകൾ മെനയുവാൻ...
ആർത്തവമുറകളില്ലാതെ,
പ്രണയനൊമ്പരങ്ങളില്ലാതെ വിരിഞ്ഞു
പറക്കുവാൻ....

വിരിയുമോ ബാല്യമേ
ഒരിക്കൽകൂടി....
വളർച്ചയുടെ പടവുകളിൽ
എന്റെ കാലുകൾക്കിടയിൽ നീ
ഞെരുങ്ങി തീർന്നിട്ടും
ഞാൻ പറയുന്നു
നിന്നോളം മനോഹരമായൊരു വസന്തം
വേറെയുണ്ടാകില്ല....
വിരിയുമോ നീ ഒരിക്കൽകൂടി എനിക്ക്
വേണ്ടി...
എന്നിലെ വസന്തമായി...

അപർണ്ണ മോഹൻ
2019 ബാച്ച്

# INKSPIRATION

# അവൻ



ഹൂ..........

ഒരു ദീർഘനിശ്വാസത്തോടെ അവൻ അവൻറെ ശരീരഭാരം ആ കിടക്കയിലേക്ക് വലിച്ചെറിഞ്ഞു.തൻെറ ജീവിതഭാരം ചുമന്ന് മനസ്സ് വല്ലാണ്ട് തളർന്നിരിക്കുന്നു.അവൻറെ തലയിലെ ഭാരം കൊണ്ടാ തലയണ ഒരു ഇരുമ്പിൻ കഷ്ണമായി പ്രതിഫലിച്ചു.അശാന്തമായ അവൻറെ ജീവിതത്തിൽ അവൻ കുറച്ച് ശാന്തമായ നിമിഷങ്ങൾ കടമെടുക്കാൻ തീരുമാനിച്ചു.ആകാശകോണുകളിൽ ചിതറിക്കിടന്ന നക്ഷത്രങ്ങൾ കൂട്ടിയോജിപ്പിച്ചു കൊണ്ട് അവൻ അവൻെറ കഴിഞ്ഞകാല ചിത്രങ്ങൾ വരച്ചെടുത്തു.മക്കളുടെ ചവർപ്പും മധുരവും അറിഞ്ഞു മടുത്ത ജീവിതത്തിൻറെതിരക്കിലേക്ക് ക്ഷണിക്കപ്പെട്ട മാതാപിതാക്കൾ.സ്വന്തം ജോലി കൊണ്ട് മികച്ചതാക്കാൻ പരസ്പരം മത്സരിക്കുന്ന അവസാന മകൻ. ജീവിതത്തിൻറെ ഒറ്റപ്പെടലിൻറെ അദ്ധ്യായം ആദ്യമായി അവന് തുറന്ന് കൊടുത്തതും അവൻറെ മാതാപിതാക്കൾ തന്നെയായിരുന്നു.പിന്നെ അവൻറെ വാത്സല്യ കണ്ണുകൾ തിരിഞ്ഞത് അവൻറെ കൂടപ്പിറപ്പുകളിലേക്ക് ആയിരുന്നു. എന്നാൽ അവരുടെ കുറ്റങ്ങളിൽ നിന്ന് രക്ഷപ്പെടാൻ അവനെ അടിച്ചേൽപ്പിക്കുന്ന ഭീകരരൂപികളായി മാത്രം അവർ പ്രത്യക്ഷപ്പെട്ടു.അവർക്കിടയിലുള്ള പ്രായത്തിൻറെ വിള്ളൽ ചാടിക്കടക്കാൻ ഉള്ള ശക്തി അവൻറെ കാലുകൾക്ക് അന്നുണ്ടായിരുന്നില്ല.

അവൻ ഓർക്കുന്നു ആരും ഇല്ല എന്നു തോന്നുമ്പോൾ അവൻറെ കരങ്ങൾ കൊണ്ട് തന്നെ അവൻറെ കണ്ണുനീർ അവൻ തുടച്ചിരുന്നു.ഭാരം കൂടുമ്പോൾ അതൊന്നു ഇറക്കിവെക്കാനുള്ള അന്വേഷണം എപ്പോഴും അവനിലേക്ക് തന്നെ അവസാനിക്കുമായിരുന്നു.അങ്ങനെ അവൻ സ്വന്തം നിഴലിനോട് തന്നെ സംസാരിക്കാൻ തുടങ്ങി.ഒരു പക്ഷേ അവിടെ നിന്നായിരിക്കും അവൻറെ മനസ്സിൻറെ പാളം തെറ്റാൻ തുടങ്ങിയത്.പഠനത്തിൻറെ തുലാസിൽ മാത്രം കുട്ടികളെ അളന്നിരുന്ന അവൻറെ അദ്ധ്യാപകർക്കും അവനെന്നും ഒരു അധികപ്പറ്റും പരിഹാസ രൂപവുമായി മാറി.അവൻറെ ചവിട്ടി അരക്കപ്പെട്ട രൂപത്തിൻറെ വിത്തുകൾ അദ്ധ്യാപകർ മറ്റു കുട്ടികളിൽ നടുകയും ചെയ്തു. അവൻറെ കൂട്ടുകാർക്കിടയിൽ ആ വിത്തുകൾ വളർന്ന് വേദനയുടെ മുള്ളുകൾ കൊണ്ടുള്ള വേലി ഉണ്ടാക്കി വർണ്ണച്ചിറകുകൾ ഉള്ള അവൻറെ സ്കൂൾ സ്വപ്നവും അവിടെ അവസാനിക്കുകയായിരുന്നു.അവിടെയും അവൻ അവൻറെ ആത്മാവിനോട് മാത്രമായി ഒതുങ്ങി.ചില സമയങ്ങളിൽ അവന് മറ്റുള്ളവർക്ക് കാണാൻ കഴിയുന്ന ഒരു ശരീരം ഉണ്ടോ എന്നുപോലും സംശയിച്ചിരുന്നു.പെട്ടെന്ന് ആ മെത്തയിൽ നിന്നും അവൻറെ ശരീരത്തിലേക്ക് അസ്ത്രങ്ങൾ പതിക്കുന്നതായി തോന്നി.അവൻ വളരെ പ്രയാസപ്പെട്ട് അവൻറെ ആ ശരീരം മറച്ചു കിടത്തി, ശരീരത്തോടൊപ്പം അവൻറെ ജീവിതത്തിലെ അദ്ധ്യായവും മരിച്ചു.യൗവനം, ഒരു മനുഷ്യൻറെ ജീവിതത്തിലെ ഏറ്റവും വലിയ സമ്പത്ത്.വിഷമവും ഏകാന്തതയും നിറഞ്ഞ അവൻറെ ജീവിതത്തിൽ അറിവിനെ വളർത്താൻ അവൻ എത്ര ശ്രമിച്ചിട്ടും അവന് കഴിഞ്ഞില്ല.അവനെ പോലുള്ളവരെ സഹായിക്കാൻ ഒരു സൈക്യാട്രിസ്റ്റ് ആവണം എന്നുള്ള അവൻറെ സ്വപ്നവും അത് തല്ലിക്കെടുത്തി. അധികപ്പറ്റായി പിടിച്ചു നിന്ന ആ വീട്ടിൽ നിന്നും സ്വയം അവൻ അടർത്തിമാറ്റി. എന്നാലും ഒറ്റപ്പെട്ടപ്പോഴൊക്കെ എവിടെയോ കൂട്ടുപിടിച്ച അറിവുകൾ അവന് ഇന്ന് മൂന്നുനേരം വിശപ്പ് അകറ്റാൻ സഹായിക്കുന്ന ശമ്പളമുള്ള ഈ കമ്പനിയിൽ എത്തിച്ചു.അവിടെയും വിരസതയുടെ മുഖങ്ങൾ പ്രതിഫലിച്ചു തുടങ്ങി.എത്ര ശ്രമിച്ചിട്ടും അവന് മറ്റുള്ളവരെ പോലെ ആകാൻ കഴിയുന്നില്ല.ജോലിഭാരം കൂടിവന്നു ജീവിക്കാൻ വേണ്ടി ചെയ്ത ജോലി അവൻറെ ജീവിതം ആയി മാറി.അതിനിടയിൽ അവൻ ജീവിക്കാൻ മറന്നുപോയി.കൂടെ ജോലി ചെയ്യുന്നവർ സൗഹൃദത്തിൻറെ മുഖംമൂടിയണിഞ്ഞ് ചൂഷണത്തിൻറെ കരങ്ങളാൽ കീറിമുറിച്ചു.

ശമ്പളം കൂടുതൽ നൽകാതിരിക്കാൻ എന്നും കുറ്റങ്ങളുടെ ആണി കൊണ്ട് ക്രൂശിക്കുന്ന മുതലാളിയും.അവൻറെ നിഴൽ വീണ്ടും അവനോട് സംസാരിക്കാൻ തുടങ്ങിയിരിക്കുന്നു. അവൻറെ ചിരിയും കണ്ണുനീരും അവനോട് ചോദിക്കാതെ അവനെ കീഴടക്കാൻ തുടങ്ങിയിരുന്നു.നഷ്ടങ്ങളുടെ കണക്ക് പുസ്തകത്തിൽ ഇപ്പോളിതാ ജോലിയും വരവ് വെച്ചിരിക്കുന്നു. ഒരു ഞെട്ടലോടെ അവൻ ഓർമ്മകളിൽ നിന്നും തിരികെ വന്നു.

അവൻ വീണ്ടും ചിന്തിച്ചു.അവൻറെ സ്വപ്നങ്ങൾ കൊണ്ട് ഉണ്ടാക്കിയ പട്ടം ജീവിതമെന്ന ആകാശത്തിൽ പറക്കാൻ അതിൻറെ ഞാണായ മനസ്സ് ശക്തിയായി പിടിക്കാൻ അവൻറെ കൂടെ ആരെങ്കിലും ഉണ്ടായിരുന്നെങ്കിൽ? പക്ഷേ അവൻ പെട്ടെന്ന് മനസ്സിലാക്കി അവന് എല്ലാവരും തന്നെ ഉണ്ടായിരുന്നു.അവൻറെ വാത്സല്യം നിറഞ്ഞ കുസൃതികൾക്ക് ജോലിഭാരത്തിൻറെയും മറ്റു വൈരാഗ്യം തീർക്കുന്ന കരങ്ങൾ കൊണ്ട് തല്ലി കെടുത്തിയ മാതാപിതാക്കൾ.ചൂഷണത്തിനും ചതിയുടെയും നഖങ്ങളാൽ കീറിമുറിച്ച് സഹോദരങ്ങൾ..കോമാളിയായി ക്ലാസ്ബോർഡിൽ തന്നെ വരച്ചുവച്ച അദ്ധ്യാപകർ.ഇടവേള നേരംപോക്കിനായി പാഴ് തമാശയായി ചിരിച്ച് തള്ളിയ കൂട്ടുകാർ, സ്വാർത്ഥതയുടെ വെളിച്ചത്തിനായി തന്നെ ഒരു മെഴുകുതിരിയായി ഉരുക്കിയ മുതലാളിയും സഹപ്രവർത്തകരും.തനിക്ക് താൻ മാത്രമായി തീർന്ന നാളുകളിൽ ഭ്രാന്തനെന്ന് മുദ്രകുത്തിയ സമൂഹം .ചുറ്റും എല്ലാവരും ഉണ്ടായിരുന്നു .പക്ഷേ അവനു വേണ്ടി ആരുമില്ലായിരുന്നു. അവൻറെ കണ്ണുകൾ നിറഞ്ഞു.അവൻ കിടന്ന മെത്ത മൊത്തത്തിൽ വിറക്കാൻ തുടങ്ങി.ദൂരെ നിന്ന് ആരോ കൂവിക്കൊണ്ട് തീപ്പന്തവുമായി അവൻറെ അടുത്തേക്ക് ഓടി വരുന്നു.ഇത്രയും ചിന്തകൾ കടന്നു പോയ അവൻറെ ആ ശിരസ്സിലൂടെ ,ആട്രാക്കിലൂടെ കടന്നു വന്ന ട്രെയിനും കടന്നു പോയി.

പാളം തെറ്റിയ അവൻറെ ജീവിതത്തിൻറെ കഥ ആ റെയിൽപ്പാളത്തിൽ അവസാനിച്ചു.

ഇമാദുദ്ദീൻ
2019 ബാച്ച്


# BRIEF ABRUPT OF STRANGENESS

A pretty,lovable and smart girl. Yes, that's what she was. She was called as 'Maya' by all. She was good in her academics as well as all extracurricular activities which includes dance,speech, recitation, writing and poetry. She used to participate in all events held at school and was loved by her teachers. Maya was caring and compassionate towards her family members and was everyone's favourite, especially her grandparents.

Wasn't this a perfect life for a ten year old? That was not how things turned out to be.

It was on her vacation after 5th grade that Maya began to experience thoughts and anxiety like never before. She saw a movie where a girl was raped and she began to fear that it would happen to her too. She couldn't stop thinking about it nor was she able to overcome her fear. Even when her parents and her younger brother were fast asleep and the house was gobbled in silence she would remain awake frightened by the thought of getting sexually harassed one day. The funniest part was that she even feared if she was already raped,which never happened. She thought of all possible ways that someone could do that to her. She imagined about her servant mixing something in her parent's food that would make them fall asleep and open the doors for a man to get in and take her away. Since those topics were never spoken of in her home she couldn't tell her mom about it and she kept it all to herself going through all the pain and suffering. She couldn't enjoy any outings, shopping or movies.

That phase passed and Maya was back to normal when she moved to her usual school routine. She forgot about all those thoughts she had and enjoyed her school life as always. However those thoughts didn't leave Maya alone. They came back to her during her vacation after 7th grade. The same old fear of sexual harrasment. This time since they took all her sleep,peace and harmony away,she had to tell her mom. Her mom found it insane and tried to ignore it as a little girl's madness. She didn't understand the seriousness of it. However she kept an eye on Maya for a few days and seeing her cry from time to time and spending sleepless nights she realised how horrible those fears were. She told Maya's dad who counselled his little child and told her that she has to be bold and her dad would do anything to take care of her so that no one could harm her. None of those advices helped her out of her endless thoughts and fears and they continued for a month. She couldn't concentrate on anything she did nor could she experience happiness or pleasure in the activities she used to enjoy before as her mind was in constant fear and unpleasant thoughts.



Maya insisted her parents to take her to a psychiatrist, which they did . She was taken to Dr. Dev who wrote medicines after medicines without talking to her or listening to her worries fully. Those medicines did help Maya get out of her miserable situation and she became fine after a week. She could finally enjoy movies, shopping and playing with her brother. Her funloving, playful and cheerful self had returned.

Maya continued the medicines for six months after which her doctor asked her to stop them. She was normal though and in fact she did better than any of her classmates. She topped the class in all her exams and won prizes for competition held at school. She was appreciated for her dance, acting and speeches. Whenever she delivered speeches, she would do it by adding a lot of emotions to it and by changing the tone as per the seriousness of the subject which made them appealing to the audience.

After her 8th grade vacation, Maya experienced similar fears though it's cause was different. After hearing a lot about cybercrimes and how girl's become victims of it,she feared if her social media would be hacked by someone and if they would morph her photos and make it look vulgur and dirty and post it on social media. These thoughts also made her miserable and helpless like last time and Dr. Dev's medicines also did not help. She was taken to another psychiatrist who was one among the best in her town , Dr. John. He spoke to her for a long time and counselled her and prescribed only one medicine which she had to take for two weeks alone. The doctor asked Maya's mom to support her and make her feel loved and cared for. He also told her that her daughter was vulnerable to periodic episodes of depression and during those times her loved and trusted one's must support her. He called Maya 'Deepika Padukone' referring to her beauty and told her that this vulnerability to depression is in her gene with which comes beauty, intelligence, talent and kindness.

Maya cracked JEE and now she studies in IIT Madras. Now also she experiences periodic episodes of depression and anxiety when she calls her doctor who gives her medicines for the time being to overcome them after which she becomes fine. This time it's different from what she used to experience earlier. Now her parents and loved ones gave her support,care and love which she needs the most. Earlier her parents were as new to this condition as she was but now since they know it, they handle it brilliantly and now Maya too handles it well. She learns a new lesson from every episode of depression and flies like a phoenix out of it.

Saira Sooraj
2019 batch

# PHOTOPEDIA

## World inside home



Ananya-2020 batch



Aswanth-2019 batch




Merin-2019 batch



Neha K Mohan-2019 batch



Shibil Yousuf-2019 batch



Harigovind KS-2020 batch



Nikitha-2018 batch



Natasha-2019 batch



Priyamvada-2020 batch

# UNIVERSITY UPDATES

## DAYS TO REMEMBER

May 6: 160th Birth Anniversary of Rabindranath Tagore

May 8: World RedCross Day

May 8: World Thalassemia Day

May 8: World Ovarian Cancer Day

May 9: Mother's Day

May 12: International Nurses Day

May 16: National Dengue Day

May 17: World Hypertension day

May 17: International Day against homophobia, transphobia and biphobia

## PROFESSIONAL EXAMINATIONS

Professional exams for MBBS UG courses for Second Professional,Third Professional part I and part II, are scheduled subject to relevant COVID-19 management protocols as issued by the Government.

Presently, the theory exams are as scheduled to begin as follows:

Second Professional MBBS : 07/07/2021
Third Professional part I: 28/06/2021
Third Professional part II: 14/06/2021

*The dates are subjective to changes due to the Covid status and Time Tables are revised accordingly.

The dates of the practical exams are yet to be scheduled.

## REELS DANCER HUNT

Navodhan 20-21 organised a virtual dance competition which received over 50 entries within a short period of time. Entries were obtained from different colleges across India. Judgement was purely talent based. The competition was a great success and every performance was truly electrifying. Christy was declared as the 1st prize winner. Chinju Lakshmi , Gayathri V and Bineesh R came shared the 2nd position and 3rd place was occupied by Sankhadeep Ghosh and Vijayitha S Kumar.

## REVIVING THE TEAM SPIRIT THIS LOCKDOWN -

Kick Off Online Pes tournament and Double Barrel Pubg Tournament conducted by the Sports wing of Navodhan 20-21 aimed at boosting up the team spirit amidst lockdown; was successful with remarkable participation within and outside the college.

When Vagabond FC (Aditya, Muhsin, Harihar, Jerish) goaled the first prize, second and third places were secured by Kandathil Blasters (Yashwant, Nibi, Jibin, Midhun) and FC420 (Aravind, Ajsal, Diljith, Gokul) respectively. Diljith was the Kick Off Top Scorer.

Teams COMIC OFFICIAL, FNOR SPORTS and TRESSPASSERZ KNIGHTS bagged the DOUBLE BARREL positions in the respective orders. Most kills Title was secured by FlameChZxCOMIC (Team Comic Official)


## RABINDRANATH TAGORE JAYANTHI

To commemorate and celebrate 160th birth anniversary of the Nobel laureate Rabindranath Tagore, Prathidhwani-Navodhan 20-21 organised online quote writing competition on the topic "Breath" via Navodhan Instagram page.
Gayathri Binod of 2020 batch bagged the 1st prize, Naomi L Manu of 2018 batch came to 2nd and Parvathy Sreekumar R of 2017 batch came 3rd.

**NAVODHAN20-21**

*Meliora*

# CROSSWORD




DOWN

1.If you want to FLY , give up everything that weighs you down

2. പള്ളിയിലച്ചൻ ഇല്ലാത്ത മാമോദിസ നടന്ന സ്ഥലം.

4. മുറിച്ചാൽ ആശുപത്രിയിൽ പോകില്ല പോലീസ് കേസ് ആകില്ല പക്ഷേ പഞ്ഞി കാണും.

6. കോട്ട് നിരോധിത മേഖല.

7. ഇവിടെ പത്ത് രൂപയ്ക്ക് മഞ്ഞ കുഴലും ഒത്തിരി സന്തോഷവും കിട്ടും.

9. കഥകളുടെയും പാട്ടുകളുടെയു ഇടയിൽ കണ്ണുനിറയും അനുഭവങ്ങൾ.

13. തുരുമ്പുകൾക്കിടയിൽ ജനിച്ച സൗഹൃദങ്ങളും ഓർമ്മകളും.

ACROSS

3. ഇവിടെ കടക്കുന്നതിനു മുൻപ് വെള്ളം കുടിക്കണം അല്ലെങ്കിൽ കടം ചോദിക്കണം.

5. അഞ്ചും അഞ്ചും കൂടിച്ചേർന്ന് ഒടുവിൽ വേർപിരിയൽ.

8. അനാട്ടമി ഡിപ്പാർട്ട്മെൻറ്ലെ ശിരസ്സ്.


10. ഇവിടെ ഉയരം കൂടുന്തോറും കുസൃതികൾ കൂടും.

11. ചുവപ്പും തുള്ളിച്ചാടും നിറഞ്ഞ ശീതകാലം.

12. അന്നൊരുനാൾ നമ്മളും ഒരു വർണ്ണ പട്ടമായിരുന്നു.

14. തന്ത്രശാലികളായ പന്നിക്കുട്ടികൾ കൈവശം ഉണ്ടെങ്കിൽ മാത്രം ഇവിടെ പ്രവേശനമുള്ളൂ .

# G-TOONS




# DO YOU KNOW?

- Russia tops in having the worlds largest number of doctors with 4.31 (approx) physicians per thousand followed by spain.
- Dr V S Priya is regarded as kerala's first transgender doctor. Ariel India the popular detergent brand also filmed her aspiring journey as apart of #makeitpossible campaign.
- In grounds of medical innovations and advancements, 2020 can be called as the year of genetic code as gene editing was among the biggest medical advancements of the year

# WHAT'S BREWING

## ഒരു വട്ടം കൂടി.....

These difficult times have changed many of my perspectives. Among the busy schedules of extra duties, fever clinics and reference desks, I miss a lot of things that were supposed to happen. Yet trying ppe for the first time, swab collections, covid ward duties and all were new. The covid has taken so much from us but still we fight with all our heart and soul. Even the tiniest speck of light do shine in the darkest, right..!

JISHNU ,2015

convocation is like one of the best events conducted in our college. Goodbyes are hard to say, but a farewell was inevitable in this journey. But it's heartbreaking that we lost our last chance to express gratitude to everyone there. Still the realisation stays within us that we're on the front line dealing with the pandemic. So I hope our batch is going to be remembered as 'The covid warriors'.

APARNA ,2015

Walking through the red carpet, all dressed up in our convocation caps and coats, taking the Hippocratic oath, throwing away the caps and the following culturals... not even a single moment of our final year was passed without coloured by such a beautiful dream. Dutifully, we set out from our dreams, working for a better time, because after all that's what heroes are meant for!

KARTHIKA ,2015

The scenario has been affecting us from the start itself. Being a resitter, exams which were to be conducted on August was postponed to November. This in fact consumed a good part of our life at this hospital. We could have spend more time with our friends who just finished their house surgeoncy. On the other hand, there is an acute shortage of house surgeons at the hospital amidst the increasing number of patients, especially in GCC. The work load is piling up and is hectic. Coming to the topic of convocation, it is a dream of every medical students to stand in those black gowns and throw those hats up in the air while our parents watch in proud. A proud moment burned down into ashes by a puny little virus. It hurts more to see our seniors who were all prepared for the convocation which got shattered in front of their eyes days before the function. We were atleast prepared. Alas! Nothing is normal about corona. But Hope is the only word we can hold on to at this situation. Hope we can see the 'normal' again.

AJMAL,2015

# WHAT'S BREWING

ഇത്തിരി കുഞ്ഞനായ വൈറസ് ലോകം
കീഴടക്കി കൊണ്ട് വന്നപ്പോൾ
ഒരു HS എന്ന നിലയിൽ അതിന്റെ ഒന്നാം വ്യാപനവും രണ്ടാം
വ്യാപനവും
വളരെ അടുത്തു അനുഭവിച്ചവരാണ് നമ്മൾ. ആദ്യമൊക്കെ പൊരുത്തപ്പെടാൻ വളരെ
അധികം പ്രയാസം
അനുഭവപ്പെട്ടെങ്കിലും പിന്നീട് ഇവയൊക്കെ നമ്മളുടെ ജീവിതത്തിന്റെ ഭാഗം തന്നെ
ആണ് എന്ന് മനസ്സിലാക്കി.
Covid !!"HS extension വേണ്ട" എന്ന ആശയം ഉയർന്നത് ,convocation എന്നുള്ള
നമ്മുടെ സ്വപ്നം കാറ്റിൽ പറത്തി കൊണ്ട് ആയിരുന്നു....

ഉറക്കമില്ലാത്ത പരീക്ഷ രാത്രികളെയും തിരക്ക് പിടിച്ച പകലുകളെയും
നിഷ്പക്ഷമാക്കവണ്ണം ഗംഭീരമായിരുന്ന വൈഖരി എന്ന നമ്മുടെ clg day ക്ക് ശേഷം
എല്ലാവരുടേയും തന്നെ സ്വപ്നമായിരുന്നു , അതിനെക്കാൾ ആരവങ്ങളോട് കൂടിയ ഒരു
convocation.
നമ്മളുടെ കൊച്ചു കൊച്ചു വര്ത്തമാനങ്ങൾക്കിടയിലും സജീവമായി നിറഞ്ഞു
നിന്നിരുന്നതും അത് തന്നെയായിരുന്നു.
ഇവിടെ തമാശയ്ക്ക് ആണെങ്കിലും പറയാറുണ്ട്"അളിയാ, കല്യാണം പോലും രണ്ടു
തവണ നടക്കാം പക്ഷേ convo അത് ഒന്നേ കാണൂ എന്ന്.."ഒരു പക്ഷെ certificate എന്ന
ആവശ്യം മാത്രം ആകുന്നില്ല ആ ചടങ്ങ്,
അത് നമ്മുടെ സൗഹൃദവും അതിന്റെ യാത്ര പറച്ചിലും അതിലുപരി അഭിമാനത്തിന്റയും
പരിശ്രമത്തിന്റെയും സാക്ഷാത്കാരമാണ്.അതു കൊണ്ട് തന്നെ അത് ഒരു മറക്കാൻ
പറ്റാത്ത അനുഭവം ആകണം എന്ന് എല്ലാവരും ആഗ്രഹിച്ചിരുന്നു.
..................
മരുഭൂമിയിലെ മരുപ്പച്ചകൾ എന്ന പോലെ
മനസ്സിൽ ഇന്നും പ്രതീക്ഷയുടെ ഉറവകൾ
അവിടെ വറ്റാത്ത നിൽക്കുന്നുണ്ട്.
അതെ convo നടക്കും
എന്ന പ്രതീക്ഷ.....

AKHIL, 2015

ഒരു കലാലയത്തിന്റെ ഏറ്റവും വലിയ മുതൽ
കൂട്ട് അവിടെ ഉള്ള കുട്ടികൾ തന്നെ ആണ്.കൊവിഡ് വ്യാപകമായി
വന്നതോടെ എല്ലാവരും
വീടുകളിലേക്ക് ചേക്കേറികയുണ്ടായി. അതു കൊണ്ട് തന്നെ House
Surgency യുടെ ആദ്യ ദിനങ്ങളിൽ തീര്ത്തും ഒറ്റപ്പെട്ട അവസ്ഥ
ആയിരുന്നു നമ്മൾക്ക്.
ഹോസ്റ്റലുകഴിലെ ശൂന്യത യൗവനതീക്ഷണമായ ആരവങ്ങളുടെ
നഷ്ടപ്പെടുത്തലുകളെ ഓര്മിപ്പിച്ചു. ഇവയിൽ തന്നെ ഏറ്റവും
നഷ്ടമായി തോന്നുന്നത് പല സായാഹ്നങ്ങളെയും
വൈവിധ്യമാക്കിയിരുന്ന കളിക്കളങ്ങളായിരുന്നു....
എന്നിരുന്നാലും പല നല്ല വശങ്ങളെയും തള്ളിക്കളയാൻ കഴിയില്ല..
എങ്ങും കൊറോണ വൈറസ് പടർന്നു പിടിച്ച സമയത്തും അതിനു
ശേഷവും വളരെ ഉത്തരവാദിത്വം കൈമുതലായി കിട്ടി എന്നത്
ആണ് ഞാൻ ഏറെ അതിശയോക്തി കലർത്തി കാണുന്ന ഒന്ന്.
നാലുവർഷം കോളേജിലെ പല പരിപാടികളും നടത്തിക്കൊണ്ട്
വന്നത് കൊണ്ട് ഏറെ കുറെ
എല്ലാ മുഖങ്ങളും സുപരിചിതമായിരുന്നു.
പിന്നീട് അവരുമായി നല്ല ബന്ധങ്ങൾ ഉണ്ടായി. അതുകൊണ്ട് തന്നെ
അടിച്ചു പൊളിക്ക് ഉപരി
ഒരു പുതിയ സിസ്റ്റത്തിലേക്ക് താനേ നമ്മൾ പറിച്ചു നടപ്പട്ടു.
ഒരു വര്ഷം അതിവേഗം കടന്നു പോയി.......നമ്മളും.....
എന്നിരുന്നാലും convocation ഇല്ലാത്ത പടിയിറക്കം മനസ്സിൽ
ഇന്നും വിങ്ങലായി നിലകൊള്ളുന്നു.

VISHNU ,2015

## Farewell Note....

*When some people leave, their memory lasts forever. We're certain yours will! Thank you for inspiring and supporting us through this journey. We're privileged to have been able to interact frequently with you all,to have learnt a lot and feel home at SGMC. We wholeheartedly wish our superheroes success in their endeavours to serve mankind selflessly. You'll be dearly missed.*

*Thank You OUTLAWS 2k15!!!*

# FACE OF THE MONTH

## THEME BLACK

## WINNERS





Krishnapriya
2018 batch




Saira
Sooraj
2019 batch

## SPECIAL MENTION



Drowpathy sunil
2018 batch



Merin Helen Christo
2019 batch